**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1828** **08-10-2021 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കേരള ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സ്പോർട്സ് കേരള ലിമിറ്റഡ് നിലവിൽ ഏതെങ്കിലും സ്റ്റേഡിയങ്ങളുടെ പരിപാലനവും അറ്റകുറ്റപ്പണിയും ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്കുള്ള ഫണ്ട് കണ്ടെത്തുന്നത് ഏത് രീതിയിലാണ്; സ്പോർട്സ് കേരള ലിമിറ്റഡിന്റെ പ്രവർത്തനരീതി വിശദമാക്കുമോ? | (എ) | കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയവയുടെ നിർമ്മാണത്തിനുമായി കായിക വകുപ്പിന് കീഴിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കായിക യുവജനകാര്യാലയത്തിനു കീഴിലുള്ള ജിമ്മി ജോർജ്ജ് സ്പോർട്സ് ഹബ്ബ്, തിരുവനന്തപുരം, കുമാരപുരം ടെന്നീസ് അക്കാഡമി, തിരുവനന്തപുരം, വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച് തിരുവനന്തപുരം കൂടാതെ കായിക യുവജനകാര്യാലയത്തിനു കീഴിലുള്ള വിവിധ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെൻററുകൾ എന്നിവയുടെ പരിപാലനവും നടത്തിപ്പും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുത്തിട്ടുണ്ട്. കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളിൽ നിന്നുള്ള വരുമാനം മുഖേനേ ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് പരിപാലനവും അറ്റകുറ്റപ്പണികൾക്കുമുള്ള ഫണ്ട് കണ്ടെത്തുന്നതാണ്. കമ്പനിയുടെ പ്രവർത്തനരീതി 1. സംസ്ഥാനത്തെ കായിക മേഖലയുടെ പരിപോഷണത്തിനായി സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചറുകളുടെ രൂപകൽപ്പന, നിർവ്വഹണം, സ്ഥാപനം, സ്റ്റേഡിയങ്ങൾ, വിവിധ പ്ലേ ഏര്യകൾ, ജിംനേഷ്യം/ഫിറ്റ്നസ് സെൻററുകൾ ഇവയുടെ നിർവ്വഹണം. 2. സംസ്ഥാനത്തെ കായിക മേഖലയിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകൾ, സ്റ്റേഡിയങ്ങൾ, വിവിധ പ്ലേ ഏര്യകൾ, ജിംനേഷ്യം/ ഫിറ്റ്നസ് സെൻററുകൾ എന്നിവ സ്വയം പര്യാപ്തതയോടെയുള്ള നടത്തിപ്പിനും, പരിപാലിക്കുന്നതിനും ഒപ്പം കായിക താരങ്ങൾക്കും, പൊതു ജനങ്ങൾക്കും ലഭ്യമാക്കാനുള്ള നടപടികൾ. |

സെക്ഷൻ ഓഫീസർ